# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3783 12.12.2018-ൽ മറുപടിക്ക്**

## മാധ്യമപ്രവർത്തകർക്കുള്ള നിയന്ത്രണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.സണ്ണി ജോസഫ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സെക്രട്ടേറിയറ്റിന് അകത്തും പുറത്തും മാധ്യമപ്രവർത്തകർക്ക് മന്ത്രിമാരോടുള്ള ഇടപെടലുകളിൽ കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;<br><br>(ബി) മുഖ്യമന്ത്രിയോടും മന്ത്രിമാരോടും നിർബന്ധമായി വിവരം തേടാൻ പാടില്ല എന്ന് അഡീഷണൽ ചീഫ് സെക്രട്ടറി ഇറക്കിയ ഉത്തരവ് എന്തടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ;<br><br>(സി) വിവരാവകാശം മൗലിക അവകാശം ആണെന്നിരിക്കെ പ്രസ്തുത നിബന്ധനകൾ അറിയാനുള്ള അവകാശങ്ങളുടെ ലംഘനമല്ലേ എന്ന് വെളിപ്പെടുത്താമോ; ജില്ലാതലത്തിൽ ഒരു വകുപ്പും നേരിട്ട് വാർത്താക്കുറിപ്പ് നൽകരുത് എന്നും നിബന്ധനയിലുണ്ടോ എന്നറിയിക്കാമോ; | (എ) യും (ബി) യും (സി) യും | അച്ചടി - ദൃശ്യ മാധ്യമങ്ങൾക്ക് ഫലപ്രദമായി അവരുടെ ധർമ്മം നിർവ്വഹിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങളും സംവിധാനങ്ങളും സെക്രട്ടേറിയറ്റിലുൾപ്പെടെ ഒരുക്കുന്നതിന് ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ട് പുതിയ സർക്കുലർ പുറപ്പെടുവിച്ചിരുന്നു.<br><br>മാധ്യമങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താനല്ല, മറിച്ച് മാധ്യമങ്ങൾക്ക് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് സാഹചര്യമൊരുക്കുകയാണ് ഉദ്ദേശ്യം.<br><br>പത്രസമ്മേളനങ്ങൾ, പ്രതികരണങ്ങൾ എന്നിവയെല്ലാം എല്ലാ മാധ്യമങ്ങൾക്കും ഒരു പോലെ അറിയിപ്പ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഐ & പി.ആർ.ഡി വഴി സംവിധാനമൊരുക്കും. ഇതിനായി ഒരു മൊബൈൽ ആപ്പ് തയ്യാറാക്കാൻ സർക്കുലറിൽ നിർദ്ദേശമുണ്ട്. യഥാർത്ഥ മാധ്യമപ്രവർത്തകർക്ക് ഇക്കാര്യത്തിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല.<br><br>ഇക്കാര്യത്തിൽ ചില മാനദണ്ഡങ്ങൾ നേരത്തെ നിലവിലുണ്ടായിരുന്നു. ഇപ്പോൾ പുറപ്പെടുവിച്ച സർക്കുലറിലെ |

നിർദ്ദേശങ്ങളിൽ ചിലർ ആശങ്കകൾ ഉന്നയിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾ കൂടി പരിഗണിച്ച് യുക്തമായ ഭേദഗതി വരുത്തുന്നതാണ്.

(ഡി) ശബരിമലയിലെ സംഭവവികാസങ്ങൾ റിപ്പോർട്ട് ചെയ്യാൻ മാധ്യമ പ്രവർത്തകരെ അനുവദിക്കാതിരുന്ന സർക്കാർ നടപടി കേരള ഹൈക്കോടതി നിശിതമായി വിമർശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഡി) ബഹു.ഹൈക്കോടതി ഇത്തരമൊരു വിമർശനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.



**സെക്ഷൻ ഓഫീസർ**